<u>അടിയന്തരപ്രമേയം</u>

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

<u>മി. സ്പീക്കർ:</u> റൂൾ 50 പ്രകാരം അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. സംസാരിക്കാൻ അനുമതി നൽകുന്നതുമാണ്. ഇന്ന് സാർവ്വദേശീയ മഹിളാദിനമാണ്. യഥാർത്ഥത്തിൽ പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ കഴിഞ്ഞ കുറേ കാലങ്ങളായി നമ്മുടെ സാമൂഹിക ജീവിതത്തിന് കനത്ത പ്രത്യാഘാതങ്ങൾ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നതാണ് എന്നുള്ളതും വസ്തുതയാണ്. കേരളത്തിന്റെ സാമൂഹിക ജീവിതത്തിനേൽക്കുന്ന കനത്ത ആഘാതങ്ങളായും സാംസ്കാരികത്തകർച്ചയായും അതിനെ വിലയിരുത്തി ഈ സഭ അതിന്റെ അന്തസ്സിലാണ് ഇത് ചർച്ച ചെയ്യേണ്ടത്. ആ നിലയിൽ ഈ വിഷയത്തെ സമീപിക്കണമെന്ന് ചെയർ ആദ്യമായി അഭ്യർത്ഥിക്കുകയാണ്.

പാലക്കാട് വാളയാർ അട്ടപ്പള്ളത്ത് സ്കൂൾ വിദ്യാർത്ഥിനികളായ രണ്ട് സഹോദരിമാർ ഒന്നരമാസത്തെ ഇടവേളയ്ക്കുള്ളിൽ ആത്മഹത്യ ചെയ്യുകയും ഇതിൽ സംശയം പ്രകടിപ്പിച്ച് പോലീസിൽ പരാതി കൊടുത്തിട്ട് നടപടി

സ്വീകരിക്കരിക്കാതിരിക്കുകയും ചെയ്ത ദുരൂഹമായ സാഹചര്യവും സംസ്ഥാനത്തിന്റെ പല ഭാഗത്തും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ പീഡനങ്ങളും അതിക്രമങ്ങളും വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. മുരളീധരൻ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയം സംബന്ധിച്ച് ശ്രീ. സണ്ണി ജോസഫ് ഒരു സബ്മിഷനും നൽകിയിട്ടുണ്ട്.

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പാലക്കാട് വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സെൽവപുരം അട്ടപ്പള്ളം എന്ന സ്ഥലത്ത് താമസിക്കുന്ന ദമ്പതികളുടെ 9 വയസ്സുള്ള, അട്ടപ്പള്ളം ജി.എൽ.പി. സ്കൂളിലെ 4-ാം ക്ലാസ് വിദ്യാർത്ഥിനി 2017 മാർച്ച് 4-ന് വൈകുന്നേരം 4.30-നും 6-നും ഇടയിൽ വീട്ടിനുള്ളിലെ കഴുക്കോലിൽ കെട്ടിത്തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ഇക്കാര്യത്തിൽ അയൽവാസി രാധാകൃഷ്ണന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174 പ്രകാരം ക്രൈം 240/2017 ആയി വാളയാർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് കൃത്യംനടന്ന സ്ഥലം ശാസ്ത്രീയ

പരിശോധനകൾക്കുംമറ്റും വിധേയമാക്കിയിട്ടുള്ളതാണ്. പോലീസ് ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി പോസ്റ്റുമാർട്ടം നടത്തി മൃതദേഹം ബന്ധുക്കൾക്ക് കൈമാറിയിട്ടുള്ളതാണ്. 2017 ജനുവരി 13-ന് ഉച്ചയ്ക്ക് 2.30-നും 5-നും ഇടയിൽ മേൽപ്പറഞ്ഞ ദമ്പതികളുടെ 13 വയസ്സുള്ള മൂത്ത മകൾ വീട്ടിലെ കഴുക്കോലിൽ ഷാൾകൊണ്ട് കെട്ടിത്തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ടു. ഇക്കാര്യത്തിന് ഉണ്ണികൃഷ്ണൻ എന്ന ആളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ സി.ആർ.പി.സി.174 പ്രകാരം ക്രൈം 43/2017 ആയി വാളയാർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട് മാതാവിന്റെ മൊഴിയിൽ ആത്മഹത്യയ്ക്കുപരിയായി ചില സംശയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിനെപ്പറ്റി ഊർജ്ജിതമായി അന്വേഷിച്ചുവരുന്നു. രണ്ടു കേസുകളുടെയും സമഗ്രമായ അന്വേഷണത്തിന് പാലക്കാട് എ.എസ്.പി. ശ്രീമതി ജി. പൂങ്കുഴലി ഐ.പി.എസ്.-ന്റെ മേൽനോട്ടത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിട്ടുണ്ട്. പോസ്റ്റുമാർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രണ്ടു കേസുകളിലും 174 സി.ആർ.പി.സി. ഭേദഗതി ചെയ്ത് ഐ.പി.സി. 376, 306 'പോക്സോ ആക്ട് 5 & 6 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷണം തുടർന്നുവരികയാണ്. സംശയമുള്ളവരെ പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നു.

ആദ്യ മരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ ആശുപത്രിയിലാണ് പോസ്റ്റുമാർട്ടം നടത്തിയത്. പോസ്റ്റുമാർട്ടം നടത്തിയ ഡോക്ടറുടെ മൊഴി ഞാൻ ഉദ്ധരിക്കുകയാണ്. "മൃതദേഹത്തിൽ മലദ്വാരത്തിന് ചുറ്റും ഇൻഫെക്ഷനായിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ആയത് പൈൽസ് എന്ന രോഗത്തിന്റെ ആരംഭാവസ്ഥയിലോ നേരത്തെ പെനിട്രേഷൻ നടന്നതുമായോ ബന്ധപ്പെട്ടുണ്ടാകാവുന്നതാണ്. ആയതിന്റെ കാരണം വ്യക്തമാകുന്നതിനായി ഞാൻ സാമ്പിളുകൾ എടുത്ത് കെമിക്കൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്" എന്നുപറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കെമിക്കൽ റിപ്പോർട്ടുകൂടി വന്നതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ പോക്സോ നിയമപ്രകാരമുള്ള വകുപ്പുകൾ ചാർജ്ജ് ചെയ്യാൻ പറ്റുകയുള്ളൂവെന്ന നിലപാട് പോലീസ് ആദ്യം സ്വീകരിച്ചു. മാത്രമല്ല, പ്രാരംഭഘട്ടത്തിൽ ഇത്തരത്തിൽ ലൈംഗീക ചൂഷണവുമായി ബന്ധപ്പെട്ട ഒരാരോപണമോ മൊഴിയോ ഉണ്ടായിരുന്നില്ല. 28-02-2017-ന് കെമിക്കൽ പരിശോധന പൂർത്തീകരിച്ച് കിട്ടിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ "The report were negative for semen/sperm to Zoa. A negative chemical report does not completely rule out possibility of sexual intercourse per vaginally rectally" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ ലൈംഗീക പീഡനം തള്ളിക്കളയാനാകില്ല എന്ന സാഹചര്യത്തിൽ പോക്സോ നിയമപ്രകാരമുള്ള വകുപ്പുകൾകൂടി ചേർത്ത് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. 06-03-2017-നാണ് പോക്സോ വകുപ്പ് കൂട്ടിച്ചേർത്തത്. 07-03-2017-ന് പോസ്റ്റുമാർട്ടം നടത്തിയ ഡോക്ടറുടെ പുതിയ മൊഴി പ്രകാരം കുട്ടി ലൈംഗീകാതിക്രമത്തിനിരയായതായി പറയുന്നുണ്ട്.

വയനാട് ജില്ലയിൽ കൽപ്പറ്റ പോലീസ് സ്റ്റേഷൻ പരിധിയിലെ മുട്ടിൽ തട്ടമംഗലം എന്ന സ്ഥലത്തുള്ള മുസ്ലീം ഓർഫനേജിൽ താമസിക്കുന്നതും പ്രസ്തുത സ്ഥാപനത്തിന്റെതന്നെ ഹൈസ്കൂളിൽ പഠിക്കുന്നതുമായ പ്രായപൂർത്തിയാകാത്ത 7 പെൺകുട്ടികളെ സമീപത്ത് കട നടത്തുന്ന രണ്ടുപേരും സുഹൃത്തുക്കളായ മറ്റ് രണ്ടുപേരും ചേർന്ന് മിഠായി നൽകി പ്രലോഭിപ്പിച്ച് കടയിൽ കയറ്റി മൊബൈൽ ഫോണിൽ അശ്ലീല വീഡിയോ കാണിച്ചുംമറ്റും ലൈംഗീകാതിക്രമത്തിന് ശ്രമിക്കുകയും വിവരം പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന് ഭീക്ഷണിപ്പെടുത്തുകയും ചെയ്തതായി കാണിച്ച് ഓർഫനേജ് അഡ്മിനിസ്ട്രേറ്റർ ശ്രീ. അബ്ദുൾ റസാഖ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 04-03-2017-ന് കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 354, 506 പോക്സോ ആക്ട് 7, 8, 11, 3, 12 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 150/2017 ആയി കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ 376

ഐ.പി.സി. കൂട്ടതലായി ചേർത്ത് അന്വേഷണം തുടർന്നുവരുന്നു. ഈ കേസിൽ ആകെ 6 പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യംവന്ന് 6 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. കുട്ടികളുടെ മൊഴികളുടെ അടിസ്ഥാനത്തിൽ പ്രതികളുടെ പേരിൽ കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ 07-03-2017-ന് 10 കേസുകൾകൂടി ക്രൈം നമ്പർ 167/17 മുതൽ 176/17 വരെ ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നുണ്ട്. പ്രതികളിലൊരാൾ 7 കേസുകളിലും മറ്റുള്ളവർ 2 കേസുകളിലുംവീതം പ്രതികളാണ്. സി.ആർ.പി.സി.164 പ്രകാരം ഇരകളുടെ രഹസ്യമൊഴി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കേസിന്റെ അന്വേഷണം കൽപ്പറ്റ പോലീസ് ഇൻസ്പെക്ടർ ശ്രീ. റ്റി. പി. ജേക്കബ് നടത്തിവരുന്നു.

കണ്ണൂർ കേളകം പോലീസ് സ്റ്റേഷൻ പരിധിയിലെ പ്ലസ് വൺ വിദ്യാർത്ഥിനിയായ 17 വയസ്സുള്ള പെൺകുട്ടിയെ പള്ളി വികാരി റോബിൻ മാത്യു എന്നയാൾ ലൈംഗീകമായി പീഡിപ്പിച്ച് ഗർഭിണിയാക്കുകയും 07-02-2017-ന് തൊക്കിലങ്ങാടി ക്രിസ്തുരാജാ ആശുപത്രിയിൽവച്ച് പെൺകുട്ടി ഒരാൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. ഇക്കാര്യത്തിന് കണ്ണൂർ ചൈൽഡ് ലൈൻ കോ-ഓർഡിനേറ്റർ ശ്രീമതി ബീനയുടെ ഇൻഫർമേഷൻ ലെറ്റർ പ്രകാരം കേളകം പോലീസ് സ്റ്റേഷനിൽ ഐ.പി.സി.376 സെക്ഷൻ 5 & 6 ഓഫ് പോക്സോ ആക്ട്

എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 152/17 ആയി 26-02-2017-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പെൺകുട്ടിയുടെ മൊഴി സി.ആർ.പി.സി. 164 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതാണ്. വിദേശത്തേയ്ക്ക് കടക്കാൻ ശ്രമിച്ച പ്രതിയെ 27-02-2017-ന് നെടുമ്പാശ്ശേരിയിൽവച്ച് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിട്ടുള്ളതാണ്. ഈ കേസിലെ ഒന്നാം പ്രതിയെ സഹായിച്ചതിനും കൂട്ടുനിന്നതിനുംമറ്റും 7 പേരെക്കൂടി പ്രതികളാണെന്ന് തിരിച്ചറിഞ്ഞ് കോടതിക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ഒളിവിൽ കഴിയുന്ന 7 പ്രതികളെയും അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുംനേരെയുള്ള ലൈംഗീകാതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള ഐ.പി.സി., പോക്സോ തുടങ്ങിയ നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം പോലീസ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം കുറ്റകൃത്യങ്ങളിൽനിന്നും ജാഗരൂഗരാകുന്നതിന് സ്കൂൾ തലത്തിൽതന്നെ കുട്ടികൾക്ക് ബോധവത്കരണം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.), ജനമൈത്രി പോലീസ് എന്നിവ മുഖേന നൽകിവരുന്നുണ്ട്. സ്ത്രീ സുരക്ഷയ്ക്ക് വിഘാതമുണ്ടാക്കുന്ന ലൈംഗീക കുറ്റവാളികളെ തിരിച്ചറിയാനുള്ള എല്ലാ വിവരങ്ങളും അടങ്ങുന്ന ലൈംഗീക കുറ്റവാളികളുടെ ഒരു രജിസ്റ്റർ എല്ലാ പോലീസ് സ്റ്റേഷനുകളിലും

തയ്യാറാക്കി സൂക്ഷിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അനുപ്രകാരം കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ലൈംഗീക കുറ്റകൃത്യങ്ങളിലേർപ്പെട്ട കുറ്റവാളികളുടെ വിവരം ശേഖരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇത് ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് പറയാനുള്ളത്.

## സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട ചെയർ സൂചിപ്പിച്ചതുപോലെ ഇന്ന് ലോകവനിതാ ദിനമാണ്. ഈ വനിതാദിനത്തിൽ ഇങ്ങനെയൊരു അടിയന്തര പ്രമേയം വന്നപ്പോൾ ചെയറിൽ നിന്നുമുണ്ടായ റൂളിംഗിന്റെ വികാരത്തിനെ ഞാൻ മാനിക്കുന്നു. ഈ വിഷയത്തെ രാഷ്ട്രീയമായിട്ടല്ല കാണുന്നത്. അതേ സമയത്ത് പെൺകുട്ടിയുടെ മരണവുമായി ബന്ധപ്പെട്ട ഒരു വിഷയം, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ 140 നിയോജകമണ്ഡലങ്ങളിലും ചർച്ചാ വിഷയമായിരുന്നുവെന്നുള്ള ഒരു കാര്യംകൂടി ഞാൻ ചെയറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ന് ഈ ലോക വനിതാദിനത്തിൽ പ്രമുഖ മലയാളപത്രങ്ങളിൽ വന്ന വാർത്തയുടെ ഹെഡ്‌ലൈൻ മാത്രം ഞാൻ ഇവിടെ

പറയാം. 'കേഴട്ടെ, കാപട്യ കേരളം' - കേരള കൗമുദിയിലെ വാർത്തയാണ്. 'കെട്ടകാലം' - മാതൃഭൂമിയിലെ വാർത്തയാണ്. 'സ്ത്രീ സുരക്ഷ ഇനിയുമകലെ' മലയാള മനോരമയിലെ വാർത്തയാണ്. പ്രധാന മൂന്ന് പത്രങ്ങളുടെ ഹെഡ്‌ലൈൻ മാത്രമാണ് ഞാൻ വായിച്ചത്.

വാളയാർ സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇവിടെ പ്രസക്തമായ ഒരു കാര്യം, ആദ്യത്തെ പെൺകുട്ടി മരണപ്പെട്ട് 52 ദിവസങ്ങൾക്കുള്ളിലാണ് രണ്ടാമത്തെ കുട്ടി മരണപ്പെടുന്നത്. ആദ്യത്തെ കുട്ടി മരണപ്പെട്ടതിനുശേഷം ആ കുട്ടിയുടെ അമ്മ തന്റെ മകളുടെ മരണത്തെക്കുറിച്ച് പോലീസിൽ പരാതി പറഞ്ഞിരുന്നുവെന്നും പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയുമുണ്ടായിട്ടില്ലെന്നുമാണ് കുട്ടിയുടെ മാതാപിതാക്കൾ പത്രങ്ങളോട് പറഞ്ഞത്. മാത്രമല്ല, ആ പ്രദേശം ഉൾക്കൊള്ളുന്ന മലമ്പുഴ നിയോജകമണ്ഡലത്തിന്റെ എം.എൽ.എ.-യും ഈ നിയമസഭാംഗവും മുൻമുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മാധ്യമങ്ങളിൽ പറഞ്ഞിട്ടുള്ളത്, ആദ്യത്തെ മരണം നടന്ന് പോലീസ് കർശനമായിട്ടുള്ള നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ രണ്ടാമത്തെ കുട്ടിയുടെ മരണം ഒഴിവാക്കാമായിരുന്നുവെന്നുമാണ്. അതുസംബന്ധിച്ച് അദ്ദേഹം ഒരു കത്തും

മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടെന്നാണ് മാധ്യമങ്ങളിൽ കൂടി അറിയാൻ സാധിച്ചത്. ഇവിടത്തെ പ്രസക്തമായ ഒരു ചോദ്യം, ആദ്യത്തെ കുട്ടിയുടെ മരണത്തിനുശേഷം ആ കുട്ടിയുടെ അമ്മ ചില ആളുകളെക്കുറിച്ച് ചില സംശയങ്ങൾ പറഞ്ഞിരുന്നു. ആ സംശയങ്ങളെക്കുറിച്ച് പോലീസ് ഫലപ്രദമായി അന്വേഷിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ ഈ രണ്ടാമത്തെ കുട്ടിയുടെ മരണം ഒഴിവാക്കാൻ കഴിയുമായിരുന്നു. അപ്പോൾ ഈ രണ്ടാമത്തെ കുട്ടിയുടെ മരണത്തിന്റെ ഉത്തരവാദിത്വം പോലീസിനില്ലേ? സ്വാഭാവികമായിട്ടും പോലീസ് കർശനമായ നടപടികൾ സ്വീകരിക്കേണ്ടതിനുപകരം ഇതിനെ ലാഘവബുദ്ധിയോടെ കണ്ടതുകൊണ്ടല്ലേ രണ്ടാമത്തെ മരണമുണ്ടായത്. രണ്ടാമത്തെ കുട്ടിയുടെ മരണത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് പോലീസിന് കൈ കഴുകാൻ കഴിയുമോ? കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ജിഷ എന്നൊരു പെൺകുട്ടി മരണപ്പെട്ടപ്പോൾ........., ഇലക്ഷൻ കഴിഞ്ഞ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നു. ഞാൻ ഈ സഭയിൽ കൊണ്ടുവന്ന ആദ്യത്തെ അടിയന്തര പ്രമേയത്തിൽ, അന്ന് ഡി.ജി.പി. ആയിരുന്ന സെൻകുമാറിനെ മാറ്റിയതിനെക്കുറിച്ചുള്ള ഒരു പ്രശ്നം വന്നപ്പോൾ ആ ഡി.ജി.പി.-യെ മാറ്റി പുതിയ ഡി.ജി.പി.-യെ വച്ചതുകൊണ്ടാണ് ജിഷയെ കൊന്ന ആസാംകാരനെ കസ്റ്റഡിയിൽ എടുക്കാൻ കഴിഞ്ഞതെന്ന് അന്ന് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. അതിനുശേഷം ഈ ഡി.ജി.പി.-യുടെ കാലത്ത് ഈ സംസ്ഥാനത്ത് എത്ര പെൺകുട്ടികളാണ് പീഡനത്തിന് വിധേയമായത്. അപ്പോൾ സെൻകുമാറിന്റെ അന്വേഷണത്തിൽ ഒരു കുട്ടിയുടെ മരണമായിരുന്നുവെങ്കിൽ ഇപ്പോൾ എത്ര കുട്ടികളായി?

രണ്ടുദിവസം മുമ്പാണ് കൽപ്പറ്റ ഓർഫനേജിലെ കാര്യം പുറത്തുവന്നത്, ഏഴ് പെൺകുട്ടികളാണ് പീഡനത്തിന് വിധേയമായത്. മെയിൻ ജംഗ്ഷനിലെ ഒരു കടയിലാണ് ഈ സംഭവം നടന്നതായി പറയുന്നത്. ഏറ്റവുമധികം ട്രാഫിക്കുള്ള കൽപ്പറ്റ-ബത്തേരി റൂട്ടിൽ; 24 മണിക്കൂർ വാഹനങ്ങൾ ഓടുന്ന ഒരു നാഷണൽ ഹൈവേയിലെ സൈഡിലുള്ള ഒരു കടയിലാണ് ഏഴ് പെൺകുട്ടികൾ പീഡനത്തിന് വിധേയമായി എന്ന് പറയുമ്പോൾ ഈ നാട്ടിൽ പോലീസുമൊന്നുമില്ലേ? ഏറ്റവും തിരക്കേറിയ റൂട്ടിലാണ് ഈ സംഭവം നടക്കുന്നത്. ഇതു തന്നെയാണ് ആ സിനിമാ നടിയുടെ കാര്യത്തിലുമുണ്ടായത്. ഏറ്റവും ജനത്തിരക്കേറിയ എറണാകുളം-തൃശ്ശൂർ റൂട്ടിൽ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ വഴി വന്നുചേരുന്ന സ്ഥലത്ത് ഒരു സിനിമാ നടിയെ നാലര മണിക്കൂർ കാറിൽ കയറ്റിക്കൊണ്ടുപോയി എന്തൊക്കെ സംഭവിച്ചുവെന്നുള്ളതിനെക്കുറിച്ച് നമുക്കറിയില്ല. പക്ഷേ ആ കേസിൽ പോലും ഇതിലേയ്ക്കൊക്കെ നയിച്ചത്...., പോലീസിന്റെ ഈ തെറ്റായ നടപടികൾ

കാണുമ്പോൾ  കർശനമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം ഇതിനെ ലാഘവബുദ്ധിയോടെ കാണുന്ന ഒരു സമീപനം ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായി. അന്ന് ആ സംഭവത്തിനെക്കുറിച്ച്, ഇതിന്റെ പിന്നിൽ ആരുമില്ലെന്ന് അദ്ദേഹം പത്രക്കാരോട് പറഞ്ഞു.   ഈ കേസിൽ പൾസർ സുനി മാത്രമല്ല, അദ്ദേഹത്തിന്റെ പിന്നിൽ  ചില  ശക്തികളുണ്ടെന്നും അതിനെക്കുറിച്ച് ഞങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുകയാണെന്നുമാണ് പോലീസ് പറഞ്ഞത്.  കിട്ടേണ്ട പ്രതികളെ കിട്ടി, ഇനിയാരുമുണ്ട് എന്ന് കരുതുന്നില്ലെന്നുമാണ് ആ സമയത്ത് മുഖ്യമന്ത്രി പറഞ്ഞത്.  ഞാൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് അദ്ദേഹം ഈ സഭയിൽ പറഞ്ഞെങ്കിലും അത് ഈ കേസ് അവസാനിപ്പിക്കാൻ പോലീസിനുള്ള വ്യക്തമായ  സൂചനയായിരുന്നുവെന്നതിന്റെ ഒരു തെളിവാണ്.  ഇനി ഇതിന്റെ പിന്നിൽ ആരുമില്ല എന്നുള്ള മട്ടിൽ പോലീസ് കോടതിയിൽ റിപ്പോർട്ട് കൊടുക്കാൻ പോകുകയാണ്.  പൾസർ സുനി ഉപയോഗിച്ച മൊബൈൽ ഇതുവരെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല.   ആ മൊബൈൽ ഇല്ലെങ്കിൽ ഈ കേസ് തെളിയിക്കാൻ പറ്റുമോ? കോടതിയിൽ മൈതാന പ്രസംഗം നടത്തിയിട്ട് വല്ല കാര്യമുണ്ടോ;   കോടതിയിൽ ഏറ്റവും വലുത് തെളിവല്ലേ? പൾസർ സുനിയെ കൊണ്ടുപോയിട്ട് മൊബൈൽ എവിടെയെന്ന് ജഡ്ജി ചോദിച്ചാൽ, മൊബൈൽ

അന്വേഷിച്ച്, കിട്ടിയില്ല എന്ന് പറഞ്ഞാൽ പൾസർ സുനിക്ക് ഊരിപ്പോരാൻ വല്ല പ്രയാസവുമുണ്ടാകുമോ? അപ്പോൾ പ്രബുദ്ധകേരളം ഇത്രയും കാലം ചർച്ച ചെയ്ത ഒരു വിഷയത്തിൽ മുഖ്യപ്രതി രക്ഷപ്പെടുകയാണ്. ഈ വാളയാർ കേസിലേയ്ക്ക് നയിച്ച സംഭവങ്ങളൊക്കെ നോക്കുമ്പോൾ അതിൽ പഴയകാല പലചെയ്തികളുണ്ട്. ശ്രീമതി പൂങ്കുഴലി ഐ.പി.എസ്.ന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഏതാനും മാസങ്ങൾക്ക് മുമ്പ് ശ്രീമതി പൂങ്കുഴലി അന്വേഷിച്ച കേസ്സുണ്ടായിരുന്നു. വടക്കാഞ്ചേരി മുനിസിപ്പൽ കൗൺസിലറായ ശ്രീ. ജയന്തൻ ഒരു സ്ത്രീയെ പീഡിപ്പിച്ച സംഭവമുണ്ടായി. ഇക്കാര്യം ആ സ്ത്രീയും അവരുടെ ഭർത്താവും മാധ്യമങ്ങളോട് പറഞ്ഞു. "ഞാൻ പീഡിപ്പിക്കപ്പെട്ട വിഷയം ഭർത്താവിനോട് പറയുകയും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം പരാതി കൊടുക്കുകയും ചെയ്തു. പക്ഷെ, അന്വേഷണമില്ല.” ഒരു ഇര വേട്ടകാരനെക്കുറിച്ച് പറയുമ്പോൾ, വേട്ടക്കാരൻ ഏത് പാർട്ടിയിൽപ്പെട്ട ആളായാലും കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കളമശ്ശേരി സംഭവത്തിൽ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ഒരാളെക്കുറിച്ച് ആക്ഷേപം വന്നപ്പോൾ പാർട്ടിയിൽ നിന്ന് പുറത്താക്കി. ഇനി നടപടി എടുക്കേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റിന് നടപടിയെടുക്കാൻ പറ്റില്ല കാരണം, ഏറ്റവും വലിയ കുറ്റം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

പാർട്ടിക്കാരനാണ്. ശ്രീ. ജയന്തനെ അറസ്റ്റ് ചെയ്തില്ലെന്ന് മാത്രമല്ല, ശ്രീ. ജയന്തനെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് സമരം നടത്തിയ ഈ സഭയിലെ അംഗമായ ശ്രീ. അനിൽ അക്കരയെയാണ് പോലീസ് തല്ലിയത്. ശ്രീ. ജയന്തനെ അറസ്റ്റ് ചെയ്യുന്നതിനുപകരം ഈ സഭയിലെ അംഗത്തെ ക്രൂരമായി മർദ്ദിച്ച പോലീസിന് എങ്ങനെയാണ് പീഡനക്കേസിലെ പ്രതികളെയൊക്കെ പിടിക്കാൻ സാധിക്കുന്നത്? ഇത്രയും ഗൗരവമായ സംഭവം ഉണ്ടായിട്ട് കണ്ടില്ലെന്ന് നടിക്കാൻ കഴിയുമോ? കൊട്ടിയൂർ സംഭവത്തിലെ പീഡനക്കാരായ ആളുകളെ അറസ്റ്റ് ചെയ്തുവെന്നുള്ളത് ശരിയാണ്. പക്ഷെ, അതിന്റെ പിന്നിൽ പ്രവർത്തിച്ച കൈകളില്ലേ? ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത്, ആ പീഡനത്തിന്റെ പിന്നിൽ പ്രവർത്തിച്ച ആളുകൾ മുൻകൂർ ജാമ്യത്തിന് കോടതിയെ സമീപിക്കാൻ പോകുന്നുവെന്നാണ്. മിക്കവാറും പോലീസിന്റെ നടപടികൾ കൊണ്ട് മുൻകൂർ ജാമ്യം കിട്ടാനുള്ള സാധ്യത തള്ളികളഞ്ഞുകൂടാ. നടന്ന കാര്യങ്ങൾ നിയമസഭയ്ക്കകത്തല്ലേ പറയേണ്ടത്. നിയമസഭയ്ക്ക് പുറത്ത് പറഞ്ഞിട്ട് കാര്യമുണ്ടോ? നിയമസഭയിൽ പറയേണ്ട കാര്യങ്ങൾ തന്നെയാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഈ കേസിൽ പ്രതികളെ പിടിക്കുന്നുവെന്ന് പറഞ്ഞ് പിടിച്ചിട്ട് അവർക്ക് രക്ഷപ്പെടാനുള്ള അവസരമാണ് പോലീസ് ചെയ്തുകൊടുക്കുന്നത്. പ്രതികളെ പിടിച്ചോയെന്ന്

ചോദിച്ചാൽ പ്രതികളെ പിടിച്ചു, കോടതിയിൽ ചെന്നാൽ പ്രതികൾ ഊരിപോകുന്ന സംഭവമാണ്. ഇതുപോലെ നിരവധി സംഭവങ്ങളുണ്ട്. കഴിഞ്ഞദിവസം വിഴിഞ്ഞത്ത് ഭിന്നശേഷിക്കാരിയായ യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ കേസ് എടുത്തില്ലായെന്ന പരാതി വന്നിട്ടുണ്ട്. വിഴിഞ്ഞത്തെ വീട്ടിൽ ആളില്ലാത്ത സമയത്ത് ഭിന്നശേഷിയുള്ള യുവതിയെ ബന്ധുവായ യുവാവ് പീഡിപ്പിച്ച സംഭവം സംബന്ധിച്ച് ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്.

മി. സ്പീക്കർ : അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. കെ. മുരളീധരൻ: സർ, തിരക്ക് പിടിക്കണ്ട. നടന്ന കാര്യങ്ങളല്ലേ പറയാൻ പറ്റൂ. ഇവിടെയല്ലേ പറയാൻ പറ്റൂ. അടിയന്തരപ്രമേയത്തിന് കഴിഞ്ഞ നിയമസഭയിൽ 20 മിനിറ്റ് വരെ എടുത്ത് സംസാരിച്ചിട്ടുണ്ട്. ഇവർ അസ്വസ്ഥത പ്രകടിപ്പിച്ചിട്ട് കാര്യമുണ്ടോ?

മി. സ്പീക്കർ: അങ്ങ് നോട്ടീസുമായി ബന്ധപ്പെട്ട കാര്യം പറയൂ. അങ്ങ് പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. കെ. മുരളീധരൻ: സർ, ഭിന്നശേഷിയുള്ള യുവതിയെ പീഡിപ്പിച്ച സംഭവത്തിൽ വിഴിഞ്ഞം പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തിട്ട് ആ പരാതിയെക്കുറിച്ച് അന്വേഷിച്ചില്ലായെന്ന ആക്ഷേപം വരുന്നു. കണ്ണൂർ

യൂണിവേഴ്സിറ്റിയിൽ ഗണിതശാസ്ത്രത്തിന്റെ ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റ് മൂന്ന് വിദ്യാർത്ഥിനികളെ പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന് പറഞ്ഞുകൊണ്ട് ആ വിദ്യാർത്ഥിനികൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കത്തയച്ചു. പ്രസ്തുത കത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രി രജിസ്ട്രാർക്ക് കൊടുക്കുകയും ചെയ്തു. ഈ പ്രൊഫസറെ മാറ്റി നിർത്തി അന്വേഷിക്കണമെന്നാണ് രജിസ്ട്രാർ പറഞ്ഞത്. എന്തായി സ്ഥിതി? ഇങ്ങനെ എത്രയെത്ര സംഭവങ്ങളാണ് കഴിഞ്ഞ ആറ് മാസത്തിനിടയിൽ നടന്നത്. എന്ത് പറയുമ്പോഴും കഴിഞ്ഞതവണ അങ്ങനെയായിരുന്നുവെന്ന് പറയും. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നതല്ലേ ; ഇതാണോ ശരിയാക്കുന്നത്; ഇങ്ങനെയാണോ സ്ത്രീകളെ ശരിയാക്കുന്നത് ; കുട്ടികളെ ശരിയാക്കുകയാണോ; പ്രായ പൂർത്തിയാകാത്ത പെൺകുട്ടികളെ ശരിയാക്കലാണോ ഈ സർക്കാരിന്റെ ജോലി.

ഇവിടെ ഒരു കുട്ടിയെ പീഡിപ്പിച്ച് മരണപ്പെട്ടതിന് ഡി.ജി.പി.യെ മാറ്റിയ ഗവൺമെന്റിന്, ഇത്രയും പെൺകുട്ടികൾ പീഡിപ്പിക്കപ്പെട്ടപ്പോൾ ഡി.ജി.പി.യെ നോക്കുകുത്തിയാക്കി നിർത്തിയിരിക്കുന്നത് എന്തിനാണ്? ആകാശത്ത് ഒളിഞ്ഞിരിക്കുന്ന കരിമേഘങ്ങളെ റഡാർ വച്ച് കണ്ടുപിടിച്ച് രാസപ്രയോഗത്തി ലൂടെ മഴ പെയ്യിക്കുമെന്ന് ഇന്നലെ വളരെ ആവേശത്തോടെ പറഞ്ഞ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിക്ക്, പാവപ്പെട്ട പെൺകുട്ടികളെ ഇവിടെ പിച്ചിചീന്തുമ്പോൾ കാഴ്ചക്കാരനായി നോക്കി നിൽക്കുന്നത് ശരിയാണോ? ഇവിടെ പെൺകുട്ടികൾ പീഡിപ്പിക്കപ്പെടുന്നു, സ്ത്രീകൾക്ക് രക്ഷയില്ല, സ്ത്രീകൾക്ക് മാനവും മര്യാദയും നഷ്ടപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ശക്തമായി ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ): സർ, ഇന്ന് ലോക വനിതാ ദിനം തന്നെയാണ്. ഈ ദിവസം വനിതകളുടെ പ്രശ്നങ്ങൾ കേവലം വനിതകളെന്ന നിലയ്ക്ക് മാത്രം കൈകാര്യം ചെയ്യേണ്ട പ്രശ്നമല്ല. പൊതുസമൂഹം തന്നെ വനിതകളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിലേയ്ക്ക് ഞാൻ കൂടുതലായി പോകുന്നില്ല. വനിതകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പൊതുസമൂഹം, പുരുഷന്മാരടക്കം ഏറ്റെടുക്കുകയും അതിന് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ സർക്കാർ സ്വീകരിക്കുന്ന നിലപാട് നമ്മുടെ സമൂഹത്തിൽ സ്ത്രീകൾക്കുനേരെ ഉയരുന്ന അതിക്രമങ്ങൾക്കുനേരെ ശക്തമായ നടപടി സ്വീകരിക്കുക എന്നുള്ളത് തന്നെയാണ്. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളിലും ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചുവന്നിട്ടുള്ളത്. വാളയാറിൽ ആദ്യത്തെ കുട്ടി മരണപ്പെട്ടപ്പോൾ ആദ്യ ഘട്ടത്തിൽ എല്ലാവരും വിചാരിച്ചത് ആത്മഹത്യയാണെന്നാണ്. അതുകൊണ്ടു

തന്നെ അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേയ്ക്ക് നീങ്ങാൻ അന്ന് കഴിഞ്ഞില്ല. എന്നാൽ നേരത്തേ പറഞ്ഞതുപോലെ, പോസ്റ്റുമോർട്ടം റിപ്പോർട്ടിന്റെ ഭാഗമായി സംശയങ്ങൾ ഉയർന്നതിനാൽ കെമിക്കൽ എക്സാമിനേഷന് അയയ്ക്കുകയും അതിന്റെ റിപ്പോർട്ട് ലഭിച്ചതോടെ പോലീസ് ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. ഇപ്പോൾ ഇതുമായി ബന്ധപ്പെട്ട എല്ലാവരും പോലീസിന്റെ ശക്തമായ നിരീക്ഷണ വലയത്തിനുള്ളിൽ തന്നെയാണ്. അതിൽ ഒരുതരത്തിലുമുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. എല്ലാവരും പോലീസ് നിരീക്ഷണത്തിൽ പെട്ടുകഴിഞ്ഞിട്ടുണ്ട്. ഇവിടെ രണ്ട് മരണം നടന്നുവെന്നത് തീർത്തും നിർഭാഗ്യകരമായ അവസ്ഥ തന്നെയാണ്. അതിന്റെ ചുരുളുകൾ അഴിയേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ആര് അതിന്റെ പിന്നിലുണ്ടായാലും പോലീസ് ശക്തമായ നടപടി സ്വീകരിക്കുകയും ഫലപ്രദമായ അന്വേഷണം നടത്തുകയും ചെയ്യും. അക്കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. ആ കുറ്റവാളികളെയെല്ലാം പുറത്തു കൊണ്ടുവരിക തന്നെ ചെയ്യും. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ  നടക്കുന്ന ഏത് അതിക്രമങ്ങൾക്കും ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്.  ശ്രീ. ടി. പി. സെൻകുമാറിന്റെ  വാദത്തിന്റെ ചെറിയ ഒരു പതിപ്പ് ബഹുമാനപ്പെട്ട അംഗം നടത്തുന്നതായി കണ്ടു. അദ്ദേഹത്തെ ഡി.ജി.പി. സ്ഥാനത്തുനിന്ന് മാറ്റിയത് ജിഷ കൊല ചെയ്യപ്പെട്ടതുകൊണ്ടല്ല. ജിഷ കൊല

ചെയ്യപ്പെട്ടതിന് കൊലയാളിയാണ് ഉത്തരവാദി. അന്നത്തെ ഗവൺമെന്റ് ഉത്തരവാദിയാണെന്ന് ഞങ്ങളാരും വന്ന് പ്രചരിപ്പിച്ചിട്ടില്ല. എന്നാൽ ......

ശ്രീ. പി. ടി. തോമസ്: സർ,....... (ബഹളം).......

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, ചിരിക്കേണ്ട വിഷയമാണോ? ശ്രീ. കെ. മുരളീധരൻ പ്രസംഗിച്ചപ്പോൾ എല്ലാവരും നിശ്ശബ്ദരായി ഇരുന്നില്ലേ; അദ്ദേഹം പൂർണ്ണമായും സംസാരിച്ചില്ലേ? പ്ലീസ്... ഇരിക്കൂ....

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ സംസാരിച്ചപ്പോൾ ബഹളമുണ്ടായിരുന്നു. ........(ബഹളം)...

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ എപ്പോഴും ഇങ്ങനെ പറയുന്നത് ശരിയല്ല. നിങ്ങൾ എപ്പോഴും ചെയറിനോട് കാണിക്കുന്ന ഈ സമീപനം ശരിയല്ല. ന്യായവും യുക്തിയുമില്ലാതെ ഏത് സമയത്തും ഇങ്ങനെ കമന്റ് ചെയ്യുന്നത് ശരിയല്ല. അനാവശ്യമായി ചെയറിനെ സംബന്ധിച്ച് ഇടയ്ക്കിടയ്ക്ക് കമന്റ് നടത്തുന്നത് ശരിയല്ല. അനാവശ്യമായി കമന്റ് ചെയ്യുന്ന എല്ലാവരേയും ഏത് സമയത്തും നിയന്ത്രിച്ചിട്ടുണ്ട്. ആവശ്യമായ പ്രൊട്ടക്ഷൻ എല്ലാസമയത്തും എല്ലാവർക്കും കൊടുക്കുന്നുണ്ട്. രണ്ട് ഭാഗത്തുനിന്നും കമന്റ് ഉണ്ടാകരുതെന്ന് എപ്പോഴും പറയാറുണ്ട്. നിങ്ങൾക്ക് സർക്കാരിനെ വിമർശിക്കാം, പരസ്പരം വിമർശിക്കാം. നിങ്ങൾ ഇരിക്കൂ....

പ്ലീസ്...പ്ലീസ്......മുഖ്യമന്ത്രി സംസാരിക്കട്ടേ.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഇവിടെ ശ്രീ. കെ. മുരളീധരൻ പറയുമ്പോൾ നിശ്ശബ്ദമായിരുന്നു. ഒരക്ഷരം ഇവിടെ നിന്ന് പറഞ്ഞിട്ടില്ല. ശ്രീ. ടി. പി. സെൻകുമാറിന്റെ പേര് പറയുമ്പോൾ ശ്രീ. പി. ടി. തോമസിന് പൊള്ളുന്നത് എന്തിനാണ്? .....(ബഹളം).....

മി. സ്പീക്കർ: ശ്രീ. രാജേഷും ശ്രീ. അൻവർ സാദത്തും ഇടയ്ക്ക് കമന്റ് പറയാറുണ്ട്. അത് രണ്ടും നിയന്ത്രിക്കാറുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, എന്തിനാണിവർ ബഹളമുണ്ടാക്കിയതെന്നോർത്ത് എനിക്കുതന്നെ അതിശയം തോന്നുകയാണ്. ജിഷ കൊലചെയ്യപ്പെട്ടത് അന്നത്തെ ഗവൺമെന്റ് കാരണമാണെന്നല്ല ഞങ്ങൾ പറഞ്ഞത്. ഗവൺമെന്റാണ് ഉത്തരവാദിയെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. കൊല ചെയ്യപ്പെട്ടതിനുശേഷമുള്ള സംഭവങ്ങളെയാണ് കുറ്റപ്പെടുത്തിയത്. രണ്ടാമത്തെ ഭാഗം പറഞ്ഞതിനാണ് അവർ പ്രകോപിതരായതെങ്കിൽ നല്ലതാണ്. പക്ഷേ രണ്ടാമത്തെ ഭാഗം ഞാൻ പറഞ്ഞില്ല. അതിനുമുമ്പുതന്നെ അവർ എന്തിനാണ് പ്രകോപിതരായതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സെൻകുമാറിനെ മാറ്റിയത്

ജിഷ കൊല ചെയ്യപ്പെട്ടതുകൊണ്ടല്ല. സെൻകുമാർ ഡി.ജി.പി. സ്ഥാനത്തിരിക്കാൻ പറ്റാത്ത ഒരാളായിരുന്നു. അദ്ദേഹത്തിന്റെ ഇപ്പോഴുള്ള എല്ലാ ചെയ്തികളും സമൂഹത്തിനാകെ ബോദ്ധ്യമാകുന്ന രീതിയിൽ തെളിയിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വക്കാലത്ത് ബഹുമാന്യനായ അംഗം (ശ്രീ. പി. ടി. തോമസ്) എടുക്കേണ്ടതില്ലായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

കൽപ്പറ്റയിലുണ്ടായ സംഭവം അങ്ങേയറ്റം പ്രതിഷേധാർഹവും അതീവ നിർഭാഗ്യകരവുമാണ്. ഏഴ് പെൺകുട്ടികൾ പീഡനത്തിനിരയായെന്ന് അദ്ദേഹം പറഞ്ഞു. 24 മണിക്കൂറും വാഹനം ഓടുന്ന തിരക്കുള്ള റോഡിന്റെ സൈഡിലുള്ള കടയിൽ എങ്ങനെയാണ് ഇതൊക്കെ സംഭവിച്ചതെന്നാണ് അദ്ദേഹം ചോദിച്ചത്. അത് നമുക്കെല്ലാവർക്കും ചോദിക്കാൻ കഴിയുന്ന ചോദ്യമാണ്. ഏതായാലും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. അത്തരം സംഭവത്തിൽപ്പെട്ട എല്ലാവരേയും പോലീസ് അറസ്റ്റുചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഒരു കാരണവശാലും ഇതിനുത്തരവാദികളായവരെ രക്ഷപ്പെടാൻ അനുവദിക്കില്ല. എല്ലാ കാര്യത്തിലും ഇതേ നിലപാടാണ് ഇവിടത്തെ പോലീസ് സംവിധാനം സ്വീകരിക്കുന്നത്. ഒന്നിനേയും

ലാഘവബുദ്ധിയോടെ കാണുന്നില്ല. ഒരു ചെറിയ സംഭവമായാൽപ്പോലും അത് ഗൗരവമായി കണ്ട് നടപടികളെടുക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്.

ഇവിടെ സിനിമാ നടിയുടെ കാര്യം പറഞ്ഞു. രാഷ്ട്രീയമായി പ്രത്യേക ലക്ഷ്യത്തോടെ അതിനെ വിമർശിക്കാൻ പുറപ്പെടുന്നവരല്ലാത്ത എല്ലാവരും സർക്കാർ നടപടികൾ അംഗീകരിക്കാൻ തയ്യാറായിട്ടുണ്ട്. വടക്കാഞ്ചേരി കേസിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഐ.ജി.-യുടെ നിരീക്ഷണത്തിലാണ് അവിടെ എ.എസ്.പി. അന്വേഷിക്കുന്നത്. ഫലപ്രദമായി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. കൊട്ടിയൂർ കേസ് - ദൈവത്തിന്റെ പ്രതിനിധിയായി കാണുന്ന ഒരാളാണ് ഇത്തരത്തിൽ ഒരു മഹാ അപരാധിയായി മാറിയത്. ആർക്കും പ്രതീക്ഷിക്കാൻ കഴിയാത്ത അധ:പതനമാണ് ആ മനുഷ്യനിൽനിന്നുമുണ്ടായത്. എത്രമാത്രം ക്രിമിനൽ മനസ്സാണ് ആ മനുഷ്യനുള്ളതെന്നാണ് ഇപ്പോൾ പുറത്തുവന്ന കാര്യങ്ങൾ വ്യക്തമാക്കുന്നത്. നിയമത്തിന്റെ കരങ്ങളിൽനിന്നും രക്ഷപ്പെടാനുള്ള അവസാനത്തെ ശ്രമം അദ്ദേഹം നടത്തിവരികയായിരുന്നു. ആ ഘട്ടത്തിൽ പോലീസ് കാണിച്ച ജാഗ്രത തന്നെയാണ് അദ്ദേഹത്തെ രക്ഷപ്പെടാൻ അനുവദിക്കാതിരുന്നത്. അല്ലെങ്കിൽ നെടുമ്പാശ്ശേരി വഴി അദ്ദേഹം

കാനഡയിലോ മറ്റോ എത്തുമായിരുന്നു. ഫലപ്രദമായി ആ കേസിൽ ഇടപെടുകയും അതുമായി ബന്ധപ്പെട്ട എല്ലാവരേയും പോലീസ് കണ്ടെത്തുകയും ശക്തമായ നടപടികളിലേയ്ക്ക് നീങ്ങുകയും ചെയ്തിട്ടുണ്ട്. ആരെയും രക്ഷപ്പെടാൻ അനുവദിക്കില്ലെന്നുള്ളതാണ് സർക്കാരിന്റെ നിലപാട്. പ്രതി എത്ര ഉന്നതനായാലും ഏതുതരത്തിലുള്ള പരിവേഷമുണ്ടായാലും അവരെ കുറ്റവാളിയെന്ന നിലയിൽ കാണുകയെന്നല്ലാതെ ഒരു തരത്തിലും സംരക്ഷിക്കുന്ന നിലപാട് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ലെന്നുള്ളത് ഇതിനകം വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്.

ഇവിടെ വിഴിഞ്ഞം സംഭവത്തെക്കുറിച്ച് പറയുകയുണ്ടായി. സ്വാഭാവികമായും അത്തരം കാര്യങ്ങൾ ഗൗരവമായിത്തന്നെ പോലീസ് പരിശോധിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഇത്തരം കാര്യങ്ങളിൽ കാഴ്ചക്കാരായി നിൽക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുന്നില്ലെന്നാണ് വ്യക്തമാക്കാനുള്ളത്. സമൂഹത്തിൽ ഉയർന്നുവരുന്ന ചില വൈകല്യങ്ങളുണ്ട്. അക്കാര്യത്തിൽ നാം യോജിച്ച് ഒരു നിലപാട് എടുക്കേണ്ടതാണ്. സർക്കാർ നിലപാടായിമാത്രം അതിനെ കാണേണ്ടതല്ല. വീട്ടിനകത്തും യാത്രാ ഘട്ടങ്ങളിലും സംഭവിക്കുന്ന വൈകല്യങ്ങൾ,

ഇത്തരത്തിൽ സ്ത്രീകൾക്ക് രക്ഷയില്ലെന്ന അവസ്ഥ ഉണ്ടാകുന്നതിനെതിരെ നല്ല നിലപാടുകൾ സ്വീകരിച്ച് പൊതുജാഗ്രത വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. കുറ്റവാളികൾക്ക് സഹായകരമാകുന്ന ഒരു നിലപാടും ആരിൽനിന്നും ഉയർന്നുവരാൻ പാടില്ല. ആ കുറ്റവാളികളെ സമൂഹത്തിൽ പൂർണ്ണമായും ഒറ്റപ്പെടുത്തുന്ന നിലയാണ് ഉണ്ടാകേണ്ടത്. ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ പൊതുവായ നിലപാട് സ്വീകരിക്കണം. സംസ്ഥാന സർക്കാർ ഇത്തരം കാര്യങ്ങളിൽ നല്ല ഇടപെടലുകൾ നടത്താനാണുദ്ദേശിക്കുന്നത്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെക്കുറിച്ചും ബഡ്ജറ്റിന്റെ ഭാഗമായി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളെക്കുറിച്ചും ആവർത്തിക്കാനുദ്ദേശിക്കുന്നില്ല. സ്ത്രീ സുരക്ഷയ്ക്ക് വളരെ പ്രധാന്യം നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരെ ഏതെങ്കിലും തരത്തിലുള്ള അപകടംവരുന്ന സ്ഥിതിയുണ്ടായാൽ അതിനെതിരെ അതിശക്തമായ നടപടിയുമായി സർക്കാർ മുന്നോട്ടുപോകുകതന്നെ ചെയ്യും. അതുകൊണ്ട് നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമായി ഇതിനെ കാണേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയാവതരണത്തിന് അനുമതി

നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. മുരളീധരൻ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട ചെയർ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പതിവില്ലാത്ത നിലയിൽ സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയുമുള്ള പീഡനങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. കേരളം സംസ്കാര സമ്പന്നമാണെന്നും നൂറ് ശതമാനം സാക്ഷരത കൈവരിച്ച സംസ്ഥാനമാണെന്നും നാം അഭിമാനം കൊള്ളാറുണ്ട്. പക്ഷേ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്ത്രീ പീഡനങ്ങളുടെ എണ്ണം പരിശോധിച്ചാൽ നമുക്ക് സാംസ്കാരികമായ ഉന്നതി അവകാശപ്പെടാനും അഭിമാനിക്കാനും കഴിയുമോ എന്നുള്ള പ്രസക്തമായ ചോദ്യമാണ് ഉയർന്നുവരുന്നത്. ഞങ്ങളാരും ഈ സർക്കാരിനെയല്ല കുറ്റപ്പെടുത്തുന്നത്. സർക്കാരിന്റെ നടപടിമൂലം സ്ത്രീകൾക്കെതിരെയുള്ള അല്ലെങ്കിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നു എന്ന് പറയാതിരിക്കുന്നത് ഒരിക്കലും ഭൂഷണമല്ല. കേരളത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ

ക്രമാതീതമായി വർദ്ധിച്ചുവരുന്ന എന്ന യാഥാർത്ഥ്യം ഗവൺമെന്റും മുഖ്യമന്ത്രിയും മനസ്സിലാക്കണം. എന്തുകൊണ്ടാണിത് സംഭവിക്കുന്നതെന്നും മനസ്സിലാക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങയുടെ മന്ത്രിസഭയിലെ രണ്ട് മന്ത്രിമാരുടെ പ്രസ്താവനകൾ ഞാൻ ആദ്യം വായിക്കാം. 'വീടിനകത്തുപോലും സ്ത്രീകൾ സുരക്ഷിതരല്ല ' - മന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, 'പോലീസ് കുറ്റകരമായ അനാസ്ഥയാണ് വാളയാർ കേസിൽ സ്വീകരിച്ചിട്ടുള്ളത് ' - ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, 'കേരളം സ്ത്രീകൾക്ക് സുരക്ഷിതമല്ല' - പി. സതീദേവി. സ്ത്രീ പീഡനങ്ങൾ വർദ്ധിക്കുന്നുവെന്നുള്ളതിൽ ഇവർ മൂന്നുപേരും പ്രകടിപ്പിച്ച ആശങ്കകൾ അസ്ഥാനത്തല്ല. നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്ക് മാന്യമായി ജോലി ചെയ്യാനും മാന്യമായി ജീവിക്കാനും സ്വതന്ത്രമായി രാത്രിയും പകലും സഞ്ചരിക്കാനുമുള്ള അവസ്ഥയുണ്ടാകണം. ഇത് നിഷേധിക്കപ്പെടുന്ന ഒരു സമൂഹം പരിഷ്കൃത സമൂഹമല്ല. അർദ്ധരാത്രിയിൽപ്പോലും തലയിൽ പൊൻകുടം വച്ചുകൊണ്ട് സ്ത്രീക്ക് തെരുവിലൂടെ നടന്നുപോകാനുള്ള അവസരം ഒരു പരിഷ്കൃത സമൂഹത്തിന്റെ ആവശ്യമാണ്. പക്ഷേ ഈ

ഗവൺമെന്റ് വന്നശേഷം ക്രമാതീതമായ തോതിൽ സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നുയെന്നുള്ളത് കണ്ടില്ലെന്ന് നടിക്കുകയാണ് ബഹുമാന്യനായ മുഖ്യമന്ത്രിയും ഗവൺമെന്റും. അത് വളരെ ഖേദകരമായ ഒരു കാര്യമാണ്. ഈ വനിതാ ദിനത്തിൽ വാളയാറിലെ 14-കാരിയുടെ കുഴിമാടത്തിലെ മണ്ണ് ഉണങ്ങുന്നതിനുമുൻപ് അനുജത്തി 9 വയസ്സുകാരിയായ ഒരു പിഞ്ചുകുട്ടി ദുരൂഹത നിറഞ്ഞ മരണത്തെയാണ് നേരിടേണ്ടിവന്നത്. പോലീസിന്റെ ഭാഗത്ത് തെറ്റില്ലേ? പോലീസിന്റെ ഭാഗത്ത് തെറ്റില്ലെന്നാണ് മുഖ്യമന്ത്രി വിശദീകരിച്ചത്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അങ്ങേയ്ക്ക് ഒരു കത്ത് തന്നല്ലോ? വാളയാറിലെ ആദ്യത്തെ പെൺകുട്ടിയുടെ മരണം ഫലപ്രദമായി അന്വേഷിച്ചിരുന്നെങ്കിൽ രണ്ടാമത്തെ കുട്ടി മരിക്കില്ലായിരുന്നുയെന്നുള്ളത് ആ പ്രദേശത്തുള്ള മുഴുവൻ ആളുകളും പറയുന്ന കാര്യമാണ്. ഇതിനകത്ത് രാഷ്ട്രീയ ഇടപെടൽ ഉണ്ടായതുകൊണ്ടാണ് പ്രതികൾ സംരക്ഷിക്കപ്പെട്ടത് എന്നുള്ള ഗുരുതരമായ ആരോപണം ഉയർന്നുവരുന്നത് ബഹുമാന്യനായ മുഖ്യമന്ത്രി പരിശോധിക്കണം. രണ്ടാമത്തെ കേസുണ്ടാകുന്നതിനുമുൻപ്

പ്രതിക്ക് രാഷ്ട്രീയ സംരക്ഷണം ലഭിച്ചിരുന്നുവെന്നുള്ള പരാതി വ്യാപകമാകുന്നു.

'സുരക്ഷിത കേരളം നിർഭയ കേരളം' എന്നുള്ളത് ഇന്ന് 'ഭയചകിത കേരളം അരക്ഷിത കേരള്'മായി മാറുന്നു. ഇവിടെ നമുക്ക് കാണാൻ കഴിയുന്ന ഒരു കാര്യം 'trust deficit' ആണ്. സമൂഹത്തിൽ വനിതകൾക്കുണ്ടാകേണ്ട വിശ്വാസം നഷ്ടപ്പെടുന്നു. അതാണ് ഈ വനിതാ ദിനത്തിലെ ഏറ്റവും ദുരൂഹമായ അവസ്ഥ. ഇവിടെ പോലീസിലും നീതിന്യായ വ്യവസ്ഥയിലുമുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടപ്പെടുന്ന തരത്തിലാണ് കാര്യങ്ങൾ പോകുന്നത്. ആദ്യത്തെ കുട്ടിയുടെ മരണമുണ്ടായപ്പോൾ പോലീസ് ഫലപ്രദമായ നടപടികൾ സ്വീകരിച്ചില്ല. ശ്രീമതി ശൈലജ ടീച്ചർ, ചൈൽഡ് വെൽഫെയർ കമ്മറ്റി എവിടെപ്പോയി?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ചൈൽഡ് വെൽഫെയർ കമ്മറ്റി വിവരം അറിഞ്ഞിട്ട് എല്ലാ സ്ഥലത്തും ഇടപെട്ടിട്ടുണ്ട്. വയനാട് സംഭവത്തിലും കൊട്ടിയൂർ സംഭവത്തിലും, വാളയാറിൽ ചൈൽഡ് വെൽഫെയർ കമ്മറ്റി

പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ആദ്യത്തെ കുട്ടി പീഡിപ്പിക്കപ്പെട്ടിരുന്നുവെന്നുള്ള കാര്യം പൊതുസമൂഹം അറിഞ്ഞിരുന്നെങ്കിൽ തീർച്ചയായും ആ സമയത്തുതന്നെ ഇടപെടാൻ സാധിക്കുമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുസംബന്ധിച്ച് വളരെ വ്യക്തമായി എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ ആദ്യത്തെ കുട്ടിയുടെ സംഭവത്തിലുണ്ടായത് എന്താണെന്നുള്ളത് പറഞ്ഞിട്ടുണ്ട്. നമ്മുടെയെല്ലാം ദൗർഭാഗ്യത്തിന് ആ സമയത്ത് അത് മനസ്സിലാക്കാൻ സാധിച്ചില്ലെന്നതു തന്നെയാണ് വസ്തുത. രണ്ടാമത്തെ കുട്ടി മരണപ്പെട്ട സമയത്തുതന്നെ ചൈൽഡ് വെൽഫെയർ കമ്മറ്റി ഡി.സി.പി.ഒ അവിടെ പോയിട്ടുണ്ട്. അതിനുതാഴെ ഒരു കുട്ടി കൂടിയുണ്ട്. ആ കുട്ടിക്കുകൂടി ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ആ കുട്ടിയുടെ പ്രൊട്ടക്ഷൻ മാതാപിതാക്കൾ ഉള്ളതുകൊണ്ട് പെട്ടെന്ന് നമുക്ക് ഏറ്റെടുക്കാൻ സാധിക്കില്ല. അവിടെ ഡി.സി.പി.ഒ. എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. ചൈൽഡ് വെൽഫെയർ കമ്മറ്റി ഇപ്പോഴും ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇത് ശരിയല്ല. ഇന്നലെ

ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ ചെയർമാൻ ടെലിവിഷനിൽ പറയുന്നത് ഞാൻ കേട്ടു. 'ഞങ്ങൾക്ക് ഈ വിവരങ്ങളൊന്നും മനസ്സിലായില്ലെ'ന്നാണ് പറയുന്നത്. പിന്നെ എന്തിനാണ് ടീച്ചർ ഈ ചൈൽഡ് വെൽഫെയർ കമ്മറ്റി? പാലക്കാട് ജില്ലാ ചൈൽഡ് വെൽഫെയർ കമ്മറ്റിയുടെ ചെയർമാൻ പറയുന്നു, 'ഈ സംഭവം ഞാൻ അറിഞ്ഞിട്ടില്ലെ'ന്ന്. വാളയാറും പാലക്കാടും തമ്മിൽ എത്ര ദൂരമുണ്ട് ടീച്ചർ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കണം, ഞാൻ ആദ്യം പറഞ്ഞത് താങ്കൾ പറഞ്ഞതുതന്നെയാണ്. ചൈൽഡ് വെൽഫെയർ കമ്മറ്റിക്ക് ആ സമയത്ത് മനസ്സിലായിരുന്നെങ്കിൽ ഇതിലിടപെടാൻ സാധിക്കുമായിരുന്നു. അതുതന്നെയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രണ്ടാമത് പറഞ്ഞതും.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇത് വളരെ ഗൗരവമുള്ള കാര്യമല്ലേ; ഞാൻ ഇവിടെ ആരെയും കുറ്റപ്പെടുത്തുകയല്ല. ആദ്യത്തെ കുട്ടി മരിക്കുന്നു. അത് കവർ അപ്പ് ചെയ്യാനുള്ള ബോധപൂർവ്വമായ രാഷ്ട്രീയ നീക്കങ്ങൾ

നടക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ പോലീസ് ആക്ട് ചെയ്യുന്നില്ല. ചൈൽഡ് വെൽഫെയർ കമ്മറ്റി അറിയുന്നില്ല. മാത്രമല്ല, ഇതിന്റെ അടിസ്ഥാനത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരുന്നതുകൊണ്ടാണ് രണ്ടാമത്തെ കുട്ടിക്കും മരിക്കേണ്ടി വന്നത്. 9 വയസ്സുള്ള കുട്ടി 8 അടി പൊക്കത്തിലുള്ള സ്ഥലത്ത് എങ്ങനെയാണ് തൂങ്ങിമരിക്കുന്നത്? സാമാന്യബോധമുള്ള ഏതൊരാൾക്കും മനസ്സിലാകുന്ന കാര്യമല്ലേ? മൂന്നരയടി ഉയരമുള്ള കുട്ടി എട്ടടി ഉയരത്തിൽ തൂങ്ങിമരിച്ചുവെന്നു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കാൻ കഴിയും? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. പോലീസ് ഈ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയുണ്ടാക്കിയിട്ടുണ്ട്. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ പറഞ്ഞത് 100 ശതമാനം ശരിയാണ്. രാവിലെ ഏഷ്യാനെറ്റിൽ നിങ്ങൾ രണ്ടുപേരും ചർച്ചയിൽ പങ്കെടുക്കുന്നത് ഞാൻ കേട്ടതാണ്. പോലീസിന്റെ ഭാഗത്ത് ഗുരുതരമായ കുറ്റം ഉണ്ടായിട്ടുണ്ട്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ അങ്ങേയ്ക്ക് കത്ത് നൽകിയതു മാത്രമല്ല, രാഷ്ട്രീയത്തിനതീതമായി പാലക്കാട്ടുള്ള

മുഴുവൻ ആളുകളും പറയുന്നത് പോലീസ് ഈ കാര്യത്തിൽ ആദ്യം മുതൽതന്നെ കുറ്റകരമായ അനാസ്ഥ കാണിച്ചുവെന്നുള്ളതാണ്.

ഒന്നരമാസം മുൻപ് ചേച്ചി ഉത്തരത്തിൽ തൂങ്ങിയാടിയപ്പോൾ അത് മനസ്സിലാകാതെ ഇളയകുട്ടി ആ കുട്ടിയുടെ കാലിൽപിടിക്കുകയും... ആ അമ്മ പോലീസിൽ മൊഴി കൊടുത്തു. അസ്വാഭാവികമായ മരണമായിട്ടും ഒരു ദളിത് പെൺകുട്ടിയായിട്ടും പോലീസ് കാട്ടിയ ഇത്തരം തെറ്റായ നടപടി എങ്ങനെ ന്യായീകരിക്കാൻ കഴിയും? ബഹുമാന്യനായ മുഖ്യമന്ത്രി പോലീസ് എഴുതിക്കൊടുത്ത വിവരമാണ് ഇവിടെ പറഞ്ഞത്; അത് ഒട്ടും ശരിയല്ല. പോലീസിന്റെ ഭാഗത്ത് ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. അതുകൊണ്ടാണ് രണ്ടാമത്തെ മരണമുണ്ടായതെന്നുള്ളത് വളരെ വ്യക്തമായ ഒരു കാര്യമാണ്.

ബഹുമാന്യനായ മുഖ്യമന്ത്രി ജിഷയുടെ കാര്യം പറഞ്ഞു. ഓരോ ഗവൺമെന്റുകൾ ഭരിക്കുമ്പോഴും ഇത്തരം സംഭവങ്ങളുണ്ടാകും. ആ സംഭവത്തിൽ ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത് മുഴുവൻ ചെയ്തു. പക്ഷെ, തെരഞ്ഞെടുപ്പിൽ ആയുധമാക്കിയില്ലെന്ന് അങ്ങ് പറയരുത്. കേരളത്തിലെ

140 മണ്ഡലങ്ങളിലുമുള്ള ഏറ്റവും വലിയ പ്രതിഫലനം ജിഷയുടെ വധവുമായി ബന്ധപ്പെട്ടായിരുന്നു. ഞങ്ങൾക്ക് അതിൽ പരാതിയില്ല; തെരഞ്ഞെടുപ്പ് സമയത്ത് അതൊക്കെ പറയും. ഈ ഗവൺമെന്റ് ഇരകളുടെ ഭാഗത്താണോ വേട്ടക്കാരുടെ ഭാഗത്താണോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.?

വിഷ്ണു പ്രണോയിയുടെ അമ്മയെ കാണാൻ മുഖ്യമന്ത്രിക്ക് സമയമില്ല. വിഷ്ണു പ്രണോയിയുടെ അമ്മയും അച്ഛനും തിരുവനന്തപുരംവരെ യാത്ര ചെയ്ത് മുഖ്യമന്ത്രിയെ നേരിൽ കാണേണ്ടിവന്നിരിക്കുന്നു എന്നുള്ളത് ഗൗരവതരമായ ഒരു പ്രശ്നമല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലായിടത്തും പോകുന്ന ഒരാളാണ്. എന്തുകൊണ്ട് അവിടെ പോയില്ല? ഒരമ്മയുടെ കണ്ണുനീർ നമ്മളെല്ലാവരും മനസ്സിലാക്കണം.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്കൂളുകളിൽ പരാതിപ്പെട്ടി വച്ചിരുന്നു. ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ അതിൽ പരാതി ഇടാം. അന്നത്തെ ആഭ്യന്തരവകുപ്പ് ആ കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിച്ചിരുന്നു. ഇന്ന് പരാതിപ്പെട്ടികൾ വയ്ക്കാനുള്ള നടപടികളില്ല.

സംസ്ഥാനത്ത് പെരുകിവരുന്ന ഇത്തരം അക്രമങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ ഇവയെ സംബന്ധിച്ച് ഫലപ്രദമായ നടപടികളുണ്ടാകുന്നില്ലെങ്കിൽ കേരളം വീണ്ടും ഇത്തരം സ്ത്രീപീഡനങ്ങളുടെ നാടായി മാറുമെന്നുള്ള ആശങ്ക ഞാൻ ഇവിടെ പ്രകടിപ്പിക്കട്ടെ.

ഇവിടെ വയനാട്ടിലെ സംഭവം പറഞ്ഞു. വയനാട്ടിലുണ്ടായ സംഭവം അതീവ ഗുരുതരമായ കാര്യംതന്നെയാണ്. വയനാട്ടിൽ പെൺകുട്ടികളെ പീഡിപ്പിച്ചവരെ അറസ്റ്റ് ചെയ്തു. പക്ഷെ, എന്റെ അഭിപ്രായം അവിടത്തെ മുഴുവൻ കുട്ടികളെയും കൗൺസിലിംഗിന് വിധേയമാക്കണം. കൗൺസിലിംഗിന് വിധേയമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ധാരാളം വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെയാണ് ഇവിടെ ഒരു പുരോഹിതൻ പീഡിപ്പിച്ച കാര്യം പറഞ്ഞു. ഇതെല്ലാം നമ്മുടെ സമൂഹത്തിൽ ഒരിക്കലും വച്ചുപൊറുപ്പിക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഉത്തരവാദപ്പെട്ട ആളുകൾ പോലും ലക്ഷ്മണരേഖ കടന്ന് നടത്തിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ സർക്കാർ കണ്ടില്ലെന്ന് നടിക്കുന്നുവെന്നുള്ളതാണ് ഇത്തരം കുറ്റങ്ങൾ പെരുകാനുള്ള

പ്രധാനപ്പെട്ട കാരണം.

ഇവിടെ ബഹുമാന്യമായ മെമ്പർ ശ്രീ. കെ മുരളീധരൻ പറഞ്ഞു, കോവളത്തുണ്ടായ സംഭവം. കോവളത്ത് ഒരു ഭിന്നശേഷിയുള്ള കുട്ടിയെയാണ് പീഡിപ്പിച്ചത്. പോലീസ് ഇതുവരെ കേസെടുത്തിട്ടില്ല. സംസ്ഥാനത്ത് സ്ത്രീപീഡനങ്ങളും അക്രമങ്ങളും വർദ്ധിച്ചുവരുന്നു. മഹാഭാരത യുദ്ധം കഴിഞ്ഞപ്പോൾ ശ്രീകൃഷ്ണന്റെ കൈപിടിച്ചുകൊണ്ട് ഗാന്ധാരി കുരുക്ഷേത്ര ഭൂമിയിലെത്തി. യുദ്ധത്തിന്റെ ഭീകരത കണ്ട് ഇതിനൊക്കെ കാരണക്കാരനെന്ന് പറഞ്ഞ് കൃഷ്ണനെ ഗാന്ധാരി, 'നീയും നിന്റെ കുലവും 36 വർഷങ്ങൾക്കുള്ളിൽ നശിച്ചുപോകു'മെന്ന് ശപിക്കുകയുണ്ടായി. കൃഷ്ണൻ ആ ശാപം പെരുവിരലിലേക്ക് ഏറ്റുവാങ്ങി. അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. സ്ത്രീയുടെ കണ്ണുനീർ വീണ ശാപത്തിൽനിന്ന് ഈശ്വരനുപോലും രക്ഷയുണ്ടായിട്ടില്ല; പിന്നെയാണോ ഈ ഗവൺമെന്റിന് രക്ഷയുണ്ടാകാൻ പോകുന്നത്?വാളയാറിൽ രണ്ടു പെൺകുട്ടികൾ നഷ്ടമായ അമ്മയുടെ കരച്ചിൽ നമ്മൾ കണ്ടതല്ലേ? സ്ത്രീയുടെ കണ്ണുനീർ വീണ സർക്കാരാണിത്. സ്ത്രീയ്ക്ക് സുരക്ഷിതത്വം വാഗ്ദാനം ചെയ്ത്

അധികാരത്തിൽ വന്ന ഈ ഗവൺമെന്റ് അവരെ അരക്ഷിതത്വത്തിലേയ്ക്ക് തള്ളിവിടുകയാണ്. സംസ്ഥാന ഗവൺമെന്റ് സ്ത്രീ പീഡനങ്ങൾക്കെതിരെയോ കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെയോ ശക്തമായ നടപടി സ്വീകരിക്കുന്നില്ല. ഇന്ന് രാവിലെ അങ്ങേയ്ക്ക് നൽകിയ ചോദ്യത്തിന് മുഴുവൻ ഉത്തരം നൽകാത്തത് ബോധപൂർവ്വമാണ്. കാരണം അത് മുഴുവനും സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ്. അതിൽനിന്നും സർക്കാരിന്റെ മനോഭാവം വെളിച്ചത്തു വരുന്നു. ഇതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഗവൺമെന്റ് ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി )

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ വികാരത്തോടൊപ്പമാണ് ഞാനും ഇവിടെ നിൽക്കുന്നത്. നമ്മുടെ മന്ത്രിസഭയിലെ മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയായ ബഹുമാനപ്പെട്ട ശ്രീമതി മേഴ്സിക്കുട്ടി അമ്മയും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെയും

ജനാധിപത്യ മഹിളാ അസോസിയേഷൻ സെക്രട്ടറിയായ ശ്രീമതി സതീദേവിയുടെയുമൊക്കെ വികാരത്തെയാണ് ഞാൻ ഇവിടെ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നത്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, മുഖ്യമന്ത്രി, പോലീസ് പറയുന്നത് മുഴുവൻ അതുപോലെ വിശ്വസിച്ച് ഇവിടെ വന്ന് പറഞ്ഞാൽ അങ്ങ് പല അപകടത്തിലും ചെന്ന് പെടാനുള്ള സാധ്യതയുണ്ടെന്ന് സൂചിപ്പിക്കുകയാണ്. കാരണം അങ്ങ് തന്നെ ഇവിടെ വായിച്ച 11 വയസുള്ള മൂത്ത കുട്ടിയുടെ മരണ സമയത്ത് ഡോക്ടർ കൊടുത്തിട്ടുള്ള റിപ്പോർട്ടിൽ പറയുന്നത് it can be hemorrhoid or penetration. Penetration ആകാൻ സാധ്യതയുണ്ടെന്ന് പറയുന്ന ഒരു റിപ്പോർട്ട് കയ്യിൽ കിട്ടിയിട്ട് പോലീസ് കെമിക്കൽ റിപ്പോർട്ടിന് കാത്തുനിന്നുവെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ ഈ രാജ്യത്ത് പോസ്റ്റുമോർട്ടത്തിനെക്കുറിച്ചും ബോഡി റിപ്പോർട്ടിനെക്കുറിച്ചും അറിയുന്ന ആർക്കും സാധിക്കുകയില്ല. അതുകൊണ്ട് penetration എന്നുപറയുന്ന പദം തന്നെ ലൈംഗിക പീഡനത്തിന് വിധേയമായി എന്നുള്ളതാണ്. അതുകഴിഞ്ഞ് കെമിക്കൽ റിപ്പോർട്ട് വരുന്നു. ഇതിൽ ഏറ്റവും വിഷമകരമായി തോന്നിയത് ഇതുകഴിഞ്ഞ് 52 ദിവസം കഴിഞ്ഞാണ് രണ്ടാമത്തെ കുട്ടി മരിക്കുന്നത്. 52 ദിവസം കഴിഞ്ഞ് മരിക്കുന്ന രണ്ടാമത്തെ കുട്ടിയുടെ റിപ്പോർട്ടിലും ലൈംഗികപീഡനം നടന്നതായി തെളിയുന്നു.

അപ്പോൾ ഒരു wound 52 ദിവസം കൊണ്ട് ഹീൽ ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർത്ഥം ഈ പീഡനം നടത്തിയയാൾ ഒന്നാമത്തെ മരണത്തിനുശേഷവും യാതൊരു ദയാദാക്ഷീണ്യവും കൂടാതെ ആ മരിച്ച കുട്ടിയുടെ സഹോദരിയെ വീണ്ടും പീഡിപ്പിച്ചുകൊണ്ടേയിരുന്ന അങ്ങേയറ്റത്തെ മനുഷ്യത്വരഹിതമായ പ്രവർത്തനമാണ് നടന്നിട്ടുള്ളത്. 52 ദിവസത്തിനുശേഷം മരിച്ച കുട്ടിയിലും ലൈംഗിക അതിക്രമണം നടന്നുവെന്ന് മെഡിക്കൽ റിപ്പോർട്ട് വന്നുവെങ്കിൽ ആദ്യത്തെ മരണം എനിക്കൊരു പ്രശ്നമല്ലെന്ന് പ്രതി തീരുമാനിക്കുകയും രണ്ടാമത്തെ കുട്ടിയെ പീഡിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. ആദ്യം തന്നെ പോലീസ് ഒരു ബന്ധുവിനെ പിടിച്ചു ചോദ്യം ചെയ്ത് വിട്ടയച്ചുവെന്ന് പത്രത്തിൽ കാണുന്നു. ഇവിടെ പോലീസ് പല കാര്യങ്ങളും നമ്മളോട് പറയും. പക്ഷെ ഒരു മുഖ്യമന്ത്രിയെന്ന നിലയ്ക്ക് അങ്ങ് അങ്ങയുടെ തന്നെ സ്വന്തമായ ചില ചിന്തകൾ വച്ചുകൊണ്ട് പോലീസിനെ നിർത്തേണ്ടിടത്ത് നിർത്തിയില്ലെങ്കിൽ അവർ നമ്മുടെ തലയിൽ കയറി നിരങ്ങും എന്നതിന്റെ ഏറ്റവും വലിയ സൂചനയാണ് കാണുന്നത്. ഇതിൽ അങ്ങേയറ്റം നമുക്ക് വേദന തോന്നുന്ന കാര്യം, ഈ രണ്ടാമത്തെ മരണം എല്ലാ അർത്ഥത്തിലും നമുക്ക് ഒഴിവാക്കാൻ സാധിക്കുന്നതായിരുന്നുവെന്നതാണ്. പീഡനങ്ങൾ വീണ്ടും വീണ്ടും നടക്കാനുള്ള കാരണം, നമുക്ക് ഏറ്റവും എളുപ്പത്തിൽ ഊരിപ്പോകാൻ പറ്റുന്നൊരു

കാര്യമാണിതെന്ന് അവർക്ക് ബോധ്യമാകുമ്പോൾ ഇത് സർവ്വ വ്യാപകമാകും. മൂന്ന് കേസുകളെക്കുറിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഈ മൂന്ന് കേസുകളും പോക്സോ അനുസരിച്ചുള്ള കേസായി മാറിയിരിക്കുന്നുവെന്ന് പറഞ്ഞാൽ അതിനർത്ഥം എല്ലാം കൊച്ചു കുട്ടികളാണ് പീഡിപ്പിക്കപ്പെടുന്നത് എന്നാണ്. എല്ലാ കേസിലും കൊച്ചു കുട്ടികൾ പീഡിപ്പിക്കപ്പെടുന്നു. വയനാട്ടിൽ നടന്നുപോകുന്ന കുട്ടിയെ ചോക്ലേറ്റ് കാണിച്ച് വിളിച്ചുവരുത്തി അകത്ത് പീഡിപ്പിക്കുന്നു. ഇതിനെക്കുറിച്ച് അന്വേഷിക്കാൻ ചെല്ലുന്ന ബാക്കി കുട്ടികളെയും സംഘടിതമായി ആക്രമിച്ചു. എല്ലാകുട്ടികളെയും ബലാൽസംഗത്തിന് വിധേയമാക്കുന്നുവെന്ന് മാത്രമല്ല അവരുടെ ചിത്രങ്ങളെടുത്ത് ആ ചിത്രങ്ങൾ കാണിച്ച് നിരന്തരം ഭീഷണിപ്പെടുത്തി, ബ്ലാക് മെയിൽ ചെയ്ത് ഈ പീഡനം തുടർന്നുകൊണ്ടേയിരിക്കുന്നുവെന്നത് അങ്ങേയറ്റം അപകടകരമായി നമ്മൾ കാണേണ്ട ഒരു കാര്യമാണ്. നടിയുടെ കാര്യം പറഞ്ഞു. ഈ നടിയുടെ കാര്യത്തിൽ പൾസർ സുനിയെ പിടിച്ചുവെന്ന് പറഞ്ഞു. പൾസർ സുനി പോലീസിനെയിട്ട് വട്ടം കറക്കുകയാണ്. പൾസർ സുനി പറയുന്ന കായലിലേയ്ക്ക് ചാടാൻ. അപ്പോൾ അവർ കായലിലേയ്ക്ക് ചാടുന്നു, ഓടയിലേയ്ക്ക് ചാടാൻ പറഞ്ഞാൽ ഓടയിലേയ്ക്കും സെപ്റ്റിക് ടാങ്കിലേയ്ക്ക് ചാടാൻ പറഞ്ഞാൽ സെപ്റ്റിക് ടാങ്കിലേയ്ക്കും ചാടുന്നു. പോലീസ് ഇങ്ങനെ തമാശ കഥാപാത്രംപോലെ

പ്രതികൾ ചാടാൻ പറയുന്നിടത്തൊക്കെ ചാടാനുള്ള ആളുകളാണോ? ഇത്രയൊക്കെയായിട്ടും നമുക്കൊരു മൊബൈൽ കണ്ടുപിടിക്കാൻ സാധിക്കുന്നില്ലേ?

മി. സ്പീക്കർ: ശ്രീ. മുനീർ, വാക്കൗട്ട് പ്രസംഗം അവതാരക പ്രസംഗത്തേക്കാൾ നീളുന്നു.

ഡോ. എം. കെ. മുനീർ: വേദന കൊണ്ട് പറയുകയാണ്. ഞാൻ ഇവിടെ വയസ്സായ സ്ത്രീകളെ പീഡിപ്പിക്കുന്ന കാര്യം പറഞ്ഞിരുന്നു. ടീച്ചർക്കറിയാം ആ വാർത്ത ഇപ്പോൾ മീഡിയാ വൺ-ഉം മനോരമയുമൊക്കെ എടുത്ത് വീണ്ടും പുതിയ കഥകൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നത്തിനൊരു പരിഹാരമായില്ല. നമ്മൾ കുട്ടികളുടെ കാര്യം പറയുന്നു. 60 വയസ്സുകഴിഞ്ഞവരുടെ കാര്യം അപ്പുറത്ത് വേറെ നടക്കുന്നു. ഞാൻ ഒരു കാര്യംകൂടി പറയുകയാണ്, ജാഗ്രത സമിതികൾ രൂപീകരിക്കണം. പ്രിയപ്പെട്ട ശിഷ്യൻ എന്റെ 5 വർഷത്തെ കുഴപ്പങ്ങളെക്കുറിച്ച് പറഞ്ഞു. അതിൽ ചില നല്ല കാര്യങ്ങൾ ഉണ്ട്. ഇടയ്ക്ക് അതൊന്ന് പറയുക. ജാഗ്രതാ സമിതി രൂപീകരിക്കണം. അത് ഗവർണർ അംഗീകരിച്ചതാണ്. തെരഞ്ഞെടുപ്പായതുകൊണ്ട് അത് റി ഇഷ്യൂ ചെയ്യേണ്ടതാണ്. അത് റീ ഇഷ്യൂ ചെയ്യണം. അങ്ങനെയെങ്കിലും ഒരു ജാഗ്രത ഉണ്ടാകട്ടെ. മുഖ്യമന്ത്രി പറഞ്ഞുകൊണ്ടേയിരിക്കുന്നില്ലേ? ജാഗ്രത സമിതി ഉണ്ടാക്കി അതത് പ്രദേശത്ത്

ഇതിനെ തടുക്കുന്നതിനുവേണ്ട ശ്രമം കൂടി ഉണ്ടാകണം. ഏതായാലും ഈ പോലീസിനെ വച്ച് അങ്ങ് മുന്നോട്ട് പോകുകയാണെങ്കിൽ കുഴപ്പത്തിലാകും. പോലീസ് ഉണ്ടാക്കുന്ന കുഴപ്പങ്ങൾ കാരണം ഇനി ആർക്കും ആരെയും ബലാൽസംഗം ചെയ്യാം, ഞങ്ങൾക്ക് ഒരു കുഴപ്പവുമില്ല പോലീസിനെ നമുക്ക് വേണമെങ്കിൽ എവിടെയൊക്കെ ചാടിക്കാൻ പറ്റുമോ അവിടെയൊക്കെ ചാടിക്കാം എന്നു വിശ്വസിക്കുന്ന പ്രതികളാണ് നമുക്ക് ചുറ്റുമുള്ളത്. ഇക്കാര്യം ഗൗരവമായി എടുക്കാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി )

ശ്രീ. കെ. എം. മാണി: സർ, കേരളത്തിലെ സ്ത്രീകൾക്കെതിരെ തുടരെത്തുടരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ലോക വനിതാ ദിനത്തിൽ ഇപ്രകാരം ചർച്ച നടത്തേണ്ടിവന്നത് വളരെ ദു:ഖകരമായ പ്രതിഭാസമാണ്. സ്ത്രീകൾക്ക് ഏത് അർദ്ധരാത്രിയിലും നിർഭയമായി നടക്കാനുള്ളൊരു അവസരമാണ് നമുക്ക് ആവശ്യമായിട്ടുള്ളത്. ഇപ്പോൾ കേരളത്തിൽ അത് ഇല്ല. നമുക്കെല്ലാവർക്കും വളരെ ആക്ഷേപകരമായിട്ടുള്ളൊരു കാര്യമാണത്. കേരളത്തിന്റെ സൽപ്പേര് തന്നെ

കളങ്കപ്പെടുത്തുന്ന ഒരു കാര്യമാണ്. ഇവിടെ പോലീസിന്റെ ഭാഗത്ത് വളരെ അക്ഷന്തവ്യമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. വാളയാറിലെ ആദ്യത്തെ പെൺകുട്ടി മരിച്ചതിനുശേഷം 52-ാമത്തെ ദിവസമാണ് രണ്ടാമത്തെ പെൺകുട്ടി മരിക്കുന്നത്. ആദ്യത്തെ പെൺകുട്ടിയുടെ മരണത്തെസംബന്ധിച്ച് ശക്തമായ നിഷ്പക്ഷമായ അന്വേഷണം പോലീസ് നടത്തിയിരുന്നുവെങ്കിൽ രണ്ടാമത്തെ മരണം ഉണ്ടാകുമായിരുന്നില്ലെന്ന് നമുക്ക് അനുമാനിക്കാമായിരുന്നു. പോലീസിന്റെ ഭാഗത്തുനിന്നും വലിയൊരു വീഴ്ച വന്നിരിക്കുന്നു. ഇക്കാര്യത്തിൽ ശക്തമായ നടപടിയെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി )

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് ഇവിടെ പ്രതിപക്ഷം ഉന്നയിച്ചിരിക്കുന്ന പ്രധാനവിഷയം സ്ത്രീപീഡനവുമായി ബന്ധപ്പെട്ടാണ്. പ്രത്യേകിച്ച് കുട്ടികൾക്കുനേരെയുള്ള ലൈംഗികാക്രമണങ്ങൾ വർദ്ധിച്ചുവരുന്നു. ഇക്കാര്യത്തെ ഗവൺമെന്റ് അതിന്റേതായ ഗൗരവത്തിൽ ഉൾക്കൊള്ളണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പാലക്കാട്ടെയും കൽപ്പറ്റയിലേയും കൊട്ടിയൂരിലേയും

പീഡനങ്ങളടക്കം, എല്ലാം കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും വളരെ വ്യാപകമായ നിലയിൽ ഇന്ന് കേരളത്തിൽ നടക്കുന്നുവെന്നത് നമ്മുടെ മനസ്സാക്ഷിയെതന്നെ ഞെട്ടിക്കുന്ന വസ്തുതയാണ്. പാലക്കാട് രണ്ടുകുട്ടികൾ മരണപ്പെടുമ്പോൾ, ആദ്യത്തെ കുട്ടിയുടെ മരണത്തിനുശേഷം രണ്ടുമാസം പിന്നിടുമ്പോഴാണ് അതിന്റെ ഇളയകുട്ടിയുടെ മരണമുണ്ടാകുന്നത്. സ്വാഭാവികമായും പോലീസിനുനേരെ ആക്ഷേപം ഉയരുന്നുണ്ടെങ്കിൽ അതിൽ വസ്തുതയുണ്ട്. ആദ്യത്തെ കുട്ടി മരിച്ചപ്പോൾ, അത് പീഡനമാണെന്നുള്ള വ്യക്തമായ സൂചനകളുണ്ടായിട്ടും അതിനെതിരെ പോലീസ് കൃത്യമായി ഇടപെടൽ നടത്തിയിരുന്നില്ല. അത് ദുരൂഹമരണമെന്ന നിലയിൽ ഈ മരണവും എഴുതിച്ചേർക്കപ്പെട്ടു. പോലീസ് കൃത്യമായ അന്വേഷണം നടത്തിയിരുന്നുവെങ്കിൽ, ഫലപ്രദമായ ഇടപെടലുകൾ നടത്തിയിരുന്നുവെങ്കിൽ രണ്ടാമത്തെ കുട്ടിയുടെ മരണമുണ്ടാവുകയില്ലായിരുന്നുവെന്ന് കേരളത്തിലെ ജനങ്ങൾ വിശ്വസിക്കുന്നു. അതിൽ വസ്തുതയുണ്ട്. പോലീസിന്റെ ഭാഗത്തുനിന്നും വീഴ്ചകൾ സംഭവിച്ചുവെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. അക്കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തരമായ ഇടപെടലുണ്ടാവണം. കൂടാതെ, എന്റെ നിയോജകമണ്ഡലത്തിൽ നടന്ന ഒരു സംഭവം കൂടി ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു

സി.എ. വിദ്യാർത്ഥിനി കൊച്ചി കായലിൽ മരിച്ചുകിടക്കുന്നതായ വാർത്ത ഇന്നത്തെ മാതൃഭൂമി പത്രത്തിലുണ്ട്. ആ കുട്ടിയുടെ മൃതദേഹം കിട്ടി, പോസ്റ്റ്മോർട്ടം കഴിഞ്ഞു, സംസ്കാരവും കഴിഞ്ഞു. ഇക്കാര്യം ഞാൻ പോലീസ് ഉദ്യോഗസ്ഥരുമായി സംസാരിച്ചപ്പോൾ ഇതിനുപിന്നിൽ ദുരൂഹതയുണ്ടെന്ന് ബന്ധുക്കളും സുഹൃത്തുളക്കളടക്കം പറയുമ്പോഴും ഇത് clear case of drowning ആണെന്നാണ് പോലീസ് ഉദ്യോഗസ്ഥർ പറയുന്നത്. പോലീസ് ഉദ്യോഗസ്ഥരോട് സംസാരിച്ചപ്പോൾ അവർ drowning എന്ന നിഗമനത്തിൽ എത്തിയതായിട്ടാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. മാതാപിതാക്കളും സുഹൃത്തുക്കളടക്കം ഇതിൽ ദുരൂഹതയുണ്ടെന്ന് ആവർത്തിച്ചുപറയുന്നു. ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ എഴുതിത്തരുന്നുണ്ട്. ഇത്തരം കേസ്സുകളിൽ പോലീസ് പെട്ടെന്ന് അവരുടെ അന്തിമനിഗമത്തിലെത്തുന്നു. മറ്റുള്ള വിഷയങ്ങളിലേയ്ക്ക് ഇടപെടാതെയിരിക്കുന്നത് വളരെ ഗുരുതരമായ വിഷയമാണ്. അതുകൊണ്ടുതന്നെ ഇത്തരം കേസ്സുകൾ ആവർത്തിക്കപ്പെടുന്നു. ഇനി ഇത്തരത്തിലുള്ള സന്ദർഭങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, നമ്മുടെ പൂർവ്വികന്മാർ പറയാറുള്ളത്, എവിടെയാണോ സ്ത്രീകളെ ആദരിക്കപ്പെടുന്നത് അവിടെ ദേവതകൾ നൃത്തമാടുമെന്നും എവിടെയാണോ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നത് അവിടെ ആസുരികത വാഴുന്നുവെന്നുമാണ്. ഇതുവരെ കേരളത്തിന് പുരോഗമനപരമായ നാടെന്നുള്ള സൽപ്പേരുണ്ടായിരുന്നു. എന്നാൽ ഇന്ന് അത് കളഞ്ഞുകുളിച്ചു. ഇന്ന് രാവിലെയുള്ള റേഡിയോവാർത്ത അനുസരിച്ച് സ്ത്രീകൾക്കെതിരെയുള്ള അക്രമത്തിന്റെ കാര്യത്തിൽ ഇന്ന് കേരളം അഞ്ചാം സ്ഥാനത്താണ്. ഇത് വളരെ അപമാനകരമായ സാഹചര്യമാണ്. ഇത് സംഭവിക്കുന്നുവെന്ന് മാത്രമല്ല, ഇക്കാര്യത്തിൽ പോലീസ് കൈക്കൊള്ളുന്ന നിലപാട്, പ്രതി ഏത് പാർട്ടിക്കാരാണെന്നും എവിടെ പണം കിട്ടാൻ സാധ്യതയുണ്ടെന്നും നോക്കി പോലീസ് പ്രവർത്തിക്കുന്നുവെന്നതാണ് അടിസ്ഥാന പ്രശ്നം. അതുകൊണ്ടാണ് കേരളത്തിൽ ഇത്തരത്തിലുള്ള അക്രമങ്ങൾ വർദ്ധിച്ചുവരുന്നത്. ഇത് കേരളത്തിന് ഭൂഷണമല്ല. നാണക്കേടുണ്ടാക്കുന്ന വിഷയമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഉണർന്നുപ്രവർത്തിക്കണമെന്ന് ഈ വനിതാദിനത്തിൽ പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഈ വിഷയത്തെപ്പറ്റി

സമഗ്രമായ ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)